**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1339** **01-02-2024 - ൽ മറുപടിയ്ക്ക്**

**റസ്റ്റ് ഹൗസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള കോങ്ങാട് നിയോജക മണ്ഡലം റസ്റ്റ് ഹൗസ് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള കോങ്ങാട് നിയോജക മണ്ഡലം റസ്റ്റ് ഹൗസ് നിർമ്മാണം എന്ന പ്രവൃത്തിക്ക് സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. സ്ഥലം അനുവദിക്കുന്നതിന് വേണ്ടി കെ.പി.ഐ.പി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പാലക്കാട് കെട്ടിട വിഭാഗം കാര്യാലയത്തിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. പദ്ധതിയ്ക്കായി ലഭ്യമായ ഭരണാനുമതിയുടെ കാലാവധി പുതുക്കി ലഭിക്കുന്നതിനും പദ്ധതിയുടെ പേര് പുനർനാമകരണം ചെയ്യുന്നതിനും ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗം നിൽകിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | പ്രസ്തുത റസ്റ്റ് ഹൗസ് നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള കോങ്ങാട് നിയോജക മണ്ഡലം റസ്റ്റ് ഹൗസ് നിർമ്മാണം എന്ന പ്രവൃത്തിക്ക് സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. സ്ഥലം അനുവദിക്കുന്നതിന് വേണ്ടി കെ.പി.ഐ.പി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പാലക്കാട് കെട്ടിട വിഭാഗം കാര്യാലയത്തിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. പദ്ധതിയ്ക്കായി ലഭ്യമായ ഭരണാനുമതിയുടെ കാലാവധി പുതുക്കി ലഭിക്കുന്നതിനും പദ്ധതിയുടെ പേര് പുനർനാമകരണം ചെയ്യുന്നതിനും ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗം നിൽകിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ